**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 119** **07-10-2024 - ൽ മറുപടിയ്ക്ക്**

**തൃശ്ശൂർപൂരം തടസ്സപ്പെട്ട സംഭവം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. ടി. സിദ്ദിഖ്** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | പോലീസിന്റെ അനാവശ്യ ഇടപെടലുകൾ മൂലം തൃശ്ശൂർപൂരം തടസ്സപ്പെട്ടു എന്ന ആക്ഷേപം സംബന്ധിച്ച് അന്വേഷണം നടത്തുവാൻ ഉത്തരവിട്ടിരുന്നോ; എങ്കിൽ എത്ര ദിവസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കണമെന്നാണ് നിർദ്ദേശിച്ചിരുന്നത്; ആരെയാണ് അന്വേഷണത്തിന് ചുമതലപ്പെടുത്തിയത്; വ്യക്തമാക്കാമോ; | (എ) | 2024-ലെ തൃശ്ശൂർ പൂരം നടത്തിപ്പുമായി ബന്ധപ്പെട്ട് സർക്കാരിൽ ലഭിച്ച വിവിധ പരാതികളും നിവേദനങ്ങളും അന്വേഷിച്ച് വിശദമായ റിപ്പോർട്ട് അടിയന്തരമായി സമർപ്പിക്കുവാൻ സർക്കാർ നിർദേശം നൽകിയിരുന്നു.<br><br>ഇതു സംബന്ധിച്ച എ.ഡി.ജി.പി (L&O)-യുടെ അന്വേഷണ റിപ്പോർട്ട് സംസ്ഥാന പോലീസ് മേധാവി സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സർക്കാർ വിശദമായി പരിശോധിക്കുകയും വിഷയം സംബന്ധിച്ച് കൂടുതൽ സമഗ്രമായ അന്വേഷണം നടത്താൻ തീരുമാനിക്കുകയും ചെയ്തു.<br><br>ആയതിന്റെ അടിസ്ഥാനത്തിൽ പൂരം അലങ്കോലമാക്കാൻ ശ്രമിച്ചതുമായി ബന്ധപ്പെട്ട അന്വേഷണത്തിൽ വെളിപ്പെട്ട വിഷയങ്ങൾ സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തി നിയമം അനുശാസിക്കുന്ന നടപടികൾ സ്വീകരിക്കാൻ ക്രൈം ബ്രാഞ്ച് എ.ഡി.ജി.പി ശ്രീ. എച്ച് വെങ്കിടേഷ് ഐ. പി. എസ്-ന്റെ നേതൃത്വത്തിൽ ഒരു പ്രത്യേക അന്വേഷണ സംഘം (SIT) രൂപീകരിച്ചു. പൂരവുമായി ബന്ധപ്പെട്ട ചുമതല നൽകിയിരുന്ന വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും വീഴ്ചകൾ ഉണ്ടായിട്ടുണ്ടെങ്കിൽ അക്കാര്യങ്ങൾ അന്വേഷിക്കുന്നതിന് ഇന്റലിജൻസ് എ.ഡി.ജി.പി ശ്രീ മനോജ് എബ്രഹാം ഐ.പി.എസ്-നെ ചുമതലപെടുത്തിയും പൂരം നടക്കുന്ന സമയത്ത് തൃശ്ശൂരിൽ തന്നെയുണ്ടായിരുന്ന എ.ഡി.ജി.പി (L&O) യുടെ ഭാഗത്തു നിന്നും പ്രശ്നം പരിഹരിക്കുന്നതിന് ഇടപെടലുകൾ ഉണ്ടായിട്ടില്ലെന്നും അത് അദ്ദേഹത്തിന്റെ ഭാഗത്തു നിന്നുള്ള വീഴ്ചയാണെന്നും സംസ്ഥാന പോലീസ് മേധാവി റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ അതെക്കുറിച്ച് അന്വേഷിച്ച് |

| | | | |
|---|---|---|---|
| | | | വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ സംസ്ഥാന പോലീസ് മേധാവിയെ ചുമതലപ്പെടുത്തിയും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത അന്വേഷണ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (ബി) | (എ) പിരിവിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| (സി) | തൃശൂർ ലോക്സഭാ മണ്ഡലത്തിലെ തെരഞ്ഞെടുപ്പ് ഫലത്തെ സ്വാധീനിക്കുന്ന രീതിയിൽ പൂരം അലങ്കോലമാക്കി, മതവികാരം വ്രണപ്പെടുത്തുവാൻ ക്രമസമാധാന ചുമതലയുള്ള എ.ഡി.ജി.പി.യുടെ നിർദ്ദേശപ്രകാരം പോലീസ് ഇടപെടൽ നടത്തിയതായുള്ള ആരോപണങ്ങളെ ഗൗരവത്തോടെ കാണുന്നുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | (എ) പിരിവിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ